18-9-1886-നു ശേഷം വണ്ടികൾ റിപ്പെയർ ചെയ്യുവാനും മെയിൻറനൻസ് നടത്തുവാനും ശ്രമിച്ചതിന്റെ ഫലമായി 14-11-1986 ആയപ്പോഴേക്കും 16 വണ്ടികൾ ഓടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 23 വണ്ടികളിൽ 16 വണ്ടികൾ ഓടിപ്പിക്കുവാൻ കഴിഞ്ഞു എന്നു പറയുന്നത് 50 ശതമാനത്തിനു മേലെ വണ്ടികൾ ഓടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ്. പൂർണ്ണമായും ദേശവൽക്കരിച്ചിട്ടുള്ള കിളിമാന്നൂർ-പാലോട്, കിളിമാന്നൂർ-തിരുവനന്തപുരം എന്നീ റൂട്ടുകളിലാണ് മുടങ്ങാതെ വണ്ടികൾ ഓടിപ്പിക്കാൻ ശ്രമിക്കുന്നത്. ബാക്കി റൂട്ടുകളിലൊക്കെ സ്വകാര്യ ബസുകളുടെ സൗകര്യം കൂടിയുള്ളതുകൊണ്ട് അംഗം സൂചിപ്പിച്ചതുപോലെ അത്ര ഗുരുതരമായ അവസ്ഥയുണ്ടെന്നു തോന്നുന്നില്ല. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെട്ടു വരുന്നുണ്ട്. ആ മുറയ്ക്ക് ഈ ബസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കാൻ കഴിയും. 16 ലക്ഷം രൂപ ചെലവു വരുന്ന ഒരു കെട്ടിടത്തിന്റെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. മൂന്നു ലക്ഷം രൂപ ഇപ്പോൾ പെൻഡിങ്ങിലാണ്. ഇതു കൊടുത്തുകഴിഞ്ഞാൽ ആ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അതോടൊപ്പം തന്നെ ഇന്നു കാണുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനും കഴിയും.

(3) പെരുകുന്ന് ഗവൺമെൻറ് ഗേൾസ് ഹൈസ്ക്കൂളിന് കോമ്പൗണ്ട് വാൾ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി പി. ദേവൂട്ടി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും ഞാൻ താമസിക്കുന്ന പഞ്ചായത്തിലുള്ളതുമായ ഗവൺമെൻറ് പെരുകുന്ന് ഗേൾസ് ഹൈസ്ക്കൂളിന് ഒരു കോമ്പൗണ്ട് വാൾ ഇല്ലാത്തതിനാൽ വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുകയാണ്. സാമൂഹ്യദ്രോഹികൾ വളരെയധികം ഉപദ്രവിക്കുകയാണ്. ആടുമാടുകളുടെ വിഹാരകേന്ദ്രമായി ആ ഗ്രൗണ്ട് മാറിക്കഴിഞ്ഞിരിക്കുന്നു. വഴിത്തിരിവുകളുടെ കൂമ്പാരമാണ്. അതൊരു പൊതുവഴിയായിട്ടാണ് ജനങ്ങൾ കണക്കാക്കുന്നത്. എന്നാൽ അവിടെ അപകടമോ അപമാനമോ സംഭവിക്കാതിരിക്കുന്നത് ആ പ്രദേശത്തുള്ള ആളുകൾ ഗേൾസ് ഹൈസ്ക്കൂൾ എന്ന നിലയിൽ അതിനെ പ്രത്യേകം ശ്രദ്ധിക്കുന്നതുകൊണ്ടാണ്. പലപ്രാവശ്യം ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്; എഴുതി കൊടുത്തതുമാണ്. ഇതു സംബന്ധിച്ച് ഹെഡ് ടീച്ചർ ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിലും പെടുത്തിയതാണ്. ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യം മന്ത്രി പ്രസംഗിക്കുമ്പോൾ പറഞ്ഞു 'പെൺകുട്ടികൾക്ക് ധൈര്യമായി മൂത്രമൊഴിക്കാൻ എല്ലാ സ്ക്കൂളുകളിലും മൂത്രപ്പുരകൾ ഉണ്ട്' എന്ന്, പക്ഷേ മൂത്രപ്പുരയുണ്ടായതുകൊണ്ടുമാത്രം ഗേൾസ് ഹൈസ്ക്കൂളിന് സംരക്ഷണം ആകുകയില്ല. ഒരു കോമ്പൗണ്ട് വാളില്ലാതെ മൂത്രപ്പുരയുണ്ടായാൽ എങ്ങനെ ധൈര്യമായി പെൺകുട്ടികൾ മൂത്രമൊഴിക്കാൻ പോകും? നമ്മുടെ രാജ്യത്തുണ്ടാകുന്ന സ്ഥിതിഗതികൾ പരിശോധിച്ചാൽ സ്ത്രീകളെ സംബന്ധിച്ചും പെൺകുട്ടികളെ സംബന്ധിച്ചും സംരക്ഷണം വളരെ ആവശ്യമാണ്. ഈ ഗേൾസ് ഹൈസ്ക്കൂളിന് ഒരു കോമ്പൗണ്ട് വാൾ അടിയന്തിരമായി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ ആവശ്യം ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ചോദിച്ചിരുന്നു. കോമ്പൗണ്ട് വാൾ നിർമ്മിക്കണമെന്ന ആവശ്യം പെട്ടെന്ന് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഏറെറടുത്ത് നിറവേറേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്. ഇതിന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഒരു ബുദ്ധിമുട്ടെന്നു പറയുന്നത് ഈ വർഷം ഇതുപോലുള്ള ചെറുകിട മരാമത്ത് പണികൾക്കുവേണ്ടി ആറരലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകകൊള്ളിക്കാൻ കഴിഞ്ഞിരിക്കുന്നത്. ഫണ്ടിൻെറ അപര്യാപ്തതയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ഏറെറടുക്കാൻ കഴിയാതെ വരുന്നത്. മറെറ പ്രാഥമിക സൗകര്യങ്ങളും അത്യാവശ്യ കാര്യങ്ങളും നമ്മുടെ ഗവൺമെൻറ് സ്ക്കൂളുകൾക്കെല്ലാം ചെയ്തു കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറെറവും വലിയ ഒരു കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ട്. കഴിയുന്നതും വേഗം അതിന് പരിഹാരമുണ്ടാക്കിത്തരാനുള്ള ശ്രമം ഗവൺമെൻറ് നടത്തുന്നതാണ്.

(4) കറുകച്ചാൽ പോലീസ് സ്റേറഷനതിർത്തിയിൽ നടന്ന കവർച്ച

ശ്രീ. കാനം രാജേന്ദ്രൻ : സർ, എൻെറ മണ്ഡലത്തിൽപ്പെട്ട കറുകച്ചാൽ പോലീസ് സ്റേറഷൻ അതിർത്തിയിൽ നെടുംകുന്നം ചേരകുളത്തു ശ്രീ. സി. വി. ദേവസ്യയുടെ വീട്ടിൽ വോട്ടേഴ്സ്ലിസ്റിൽ പേരു ചേർക്കാൻ എന്നു പറഞ്ഞ് പകൽ മൂന്നു മണിക്ക് രണ്ടു പെറുപ്പക്കാർ ചെല്ലുകയും അദ്ദേഹത്തിൻെറ ഭാര്യയെ കഠാര കാണിച്ച് ഭീഷണിപ്പെടുത്തി എല്ലാ സ്വർണ്ണാഭരണങ്ങളും പണവും ആ വീട്ടിൽനിന്നും എടുത്തുകൊണ്ട് പോകുകയും ചെയ്തു. നഴ്സറി സ്ക്കൂൾ വിട്ടുവന്ന ഒരു കൊച്ചു കുട്ടിയെ കുളിമുറിക്കുള്ളിൽ ഇട്ട് പൂട്ടുകയും എല്ലാ ആഭരണങ്ങളും പണവും എടുത്തു കഴിഞ്ഞതിനുശേഷം, ആ സ്ത്രീയേയും അക്രമികൾ കുളിമുറിക്കുള്ളിലിട്ട് പൂട്ടി രക്ഷപ്പെടുകയുമാണുണ്ടായത്. അതിനെക്കുറിച്ച് അന്വേഷണമൊക്കെ നടന്ന് ആഴ്ചകൾ കഴിഞ്ഞെങ്കിലും പ്രതിയെ പിടിച്ചിട്ടില്ല. ഇപ്പോൾ കാര്യമായ അന്വേഷണവും നടക്കുന്നില്ല. അടിയന്തിരമായി അന്വേഷണം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു ദിവസം പകൽ എന്യൂമറേഷൻ എന്ന് പറഞ്ഞ് രണ്ടു ആളുകൾ വന്നു ആ വീട്ടിൽ നടത്തിയ സംഭവങ്ങൾ വളരെ വിശദമായി ബഹുമാനപ്പെട്ട മെമ്പർ സംസ്കരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഞാൻ ആവർത്തിക്കുന്നില്ല. ഈ കാര്യം ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കേണ്ട ആവശ്യം വരുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോഴത്തെ നിലയിൽ അന്വേഷണം നന്നായിട്ട് പ്രോഗ്രസ് ചെയ്യുന്നുണ്ട്.

(5) പാനൂരിൽ 110 കെ. വി. സബ് സ്റേറഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, എൻെറ നിയോജകമണ്ഡലത്തിൽ പാനൂരിൽ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 110 കെ. വി. സബ് സ്റേറഷൻെറ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കണ്ണൂർ ജില്ലയിൽത്തന്നെ വോൾട്ടേജ് വളരെ കുറഞ്ഞിയാണ്. അതിൽ ഏറെറവും രൂക്ഷമായ സാഹചര്യമാണ് എൻെറ നിയോജകമണ്ഡലത്തിലുള്ളത്. ഈ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly